## പതിനാലാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 5062** — **27.06.2019-ൽ മറുപടിക്ക്**

### എറണാകുളത്ത് സ്വകാര്യ ആശുപത്രിയിൽ ചികിത്സാ പിഴവ് മൂലം സംഭവിച്ച മരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ.അനൂപ് ജേക്കബ്**<br>**ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**ശ്രീ.റോജി എം. ജോൺ** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) എറണാകുളത്ത് സ്വകാര്യ ആശുപത്രിയിൽ സർജറിക്ക് വിധേയയായ റിൻസി വിനു എന്ന യുവതി മരിച്ചത് ചികിത്സാ പിഴവ് മൂലമാണെന്ന് പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ സർജറിക്ക് വിധേയയായ റിൻസി വിനു എന്ന യുവതി മരിച്ചത് ചികിത്സാ പിഴവുമൂലമാണെന്നുള്ള പരാതി ലഭിച്ചിട്ടുള്ളതാണ്. ടി പരാതിയുടെ അടിസ്ഥാനത്തിൽ എറണാകുളം ടൗൺ നോർത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം.നം 937/2019 U/s 304(A) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് എറണാകുളം പോലീസ് അസി. കമ്മീഷണർ അന്വേഷണം നടത്തി വരുന്നു. |
| (ബി) പരേതയുടെ പോസ്റ്റ്മാർട്ടം റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ മരണ കാരണം കണ്ടെത്തിയിട്ടുണ്ടോ; | (ബി) പ്രൈമറി പോസ്റ്റ്മോർട്ടം റിപ്പോർട്ട് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ലബോറട്ടറി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ യഥാർത്ഥ മരണകാരണം വെളിവാകുകയുള്ളൂ. |
| (സി) ആശുപത്രി അധികൃതരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ് മരണ കാരണമെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കുമോ? | (സി) മരണകാരണം കണ്ടെത്തിയിട്ടില്ല. ഇതിനായി Expert panel opinion ലഭിക്കേണ്ടതായുണ്ട്. ടി കേസിന്മേൽ അന്വേഷണം നടന്നുവരുന്നു. |

**സെക്ഷൻ ഓഫീസർ**